(ഡി) ഈ സംവിധാനം ഇന്റേണൽ അസസ്സ്മെന്റ് മാർക്ക് നൽകാൻ ബാദ്ധ്യസ്ഥരായ അദ്ധ്യാപകരുള്ള എല്ലാ കോളേജുകളിലും നിലവിലുണ്ടോ ;

(ഇ) എങ്കിൽ ആ പരാതി പരിഹരിക്കുന്നതിനായി ഓരോ കോളേജിലുമുള്ള ഈ സംവിധാനം 2004-05-ൽ യോഗം ചേർന്നതും തീരുമാനമെടുത്തതും സംബന്ധിച്ചുള്ള വിവരങ്ങൾ കാണിക്കുന്ന സ്റ്റേറ്റുമെന്റ് മേശപ്പുറത്ത് വയ്ക്കാമോ ?

ഉത്തരം

(എ) വ്യവസ്ഥാപിത ബിരുദ കോഴ്സുകളുടെ ഇന്റേണൽ അസസ്സ്മെന്റ് മാർക്ക് അതാതു വർഷം മാർച്ചിലെ ആദ്യ ആഴ്ചയിൽ കോളേജ് നോട്ടീസ് ബോർഡിൽ പ്രസിദ്ധീകരിക്കേണ്ടതാണ്. വ്യവസ്ഥാപിത ബിരുദാനന്തര ബിരുദ കോഴ്സുകളുടെ ഇന്റേണൽ അസസ്സ്മെന്റ് മാർക്ക് അതാതു സെമസ്റ്ററിലെ ക്ലാസ്സ് തീരുന്നതിന് ഒരാഴ്ച മുമ്പും പ്രൊഫഷണൽ കോഴ്സുകളുടെ ഇന്റേണൽ അസസ്സ്മെന്റ് മാർക്ക് അതാതു സെമസ്റ്ററുകളുടെ ക്ലാസ്സുകൾ അവസാനിക്കുന്നതിനുമുമ്പും കോളേജ് നോട്ടീസ് ബോർഡിൽ പ്രസിദ്ധീകരിക്കേണ്ടതാണ്.

(ബി & സി) പരാതികൾ അദ്ധ്യാപക വകുപ്പു മേധാവി, കോളേജ് സർവ്വകലാശാല തലങ്ങളിൽ നൽകാവുന്നതാണ്.

(ഡി) ഉണ്ട്.

(ഇ) വിവിധ സർവ്വകലാശാലകളിൽ നിന്നും വിവരം ശേഖരിച്ചുവരുന്നു.

ഗവേഷണ വിദ്യാർത്ഥികളോടൊപ്പം കഴിഞ്ഞ മൂന്നു വർഷത്തിനുള്ളിൽ ഗൈഡുകളായി പോയിരുന്ന അദ്ധ്യാപകർ

6 [1107] ശ്രീ. വി. ജെ. പൗലോസ് :
പ്രൊഫ. എ. ഡി. മുസ്തഫ :
ശ്രീ. പി. ജെ. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നമ്മുടെ സർവ്വകലാശാലകളിൽ പെൺകുട്ടികൾ ഗവേഷണം നടത്താറുണ്ടോ ;

(ബി) ഉണ്ടെങ്കിൽ വിവരശേഖരണത്തിനും ഫീൽഡ് വർക്കിനും പോകുന്ന പെൺകുട്ടികളുടെ കൂടെ അവരുടെ ഗൈഡും പോകാറുണ്ടോ ;

(സി) ഇതിനുവേണ്ടി ആൻഡമാൻ നിക്കോബാർ ദ്വീപുകൾ, ശ്രീലങ്ക എന്നിവിടങ്ങളിലേക്ക് ഗവേഷണ വിദ്യാർത്ഥികളോടൊപ്പം ഈ കഴിഞ്ഞ മൂന്നു വർഷത്തിനുള്ളിൽ ഏതെല്ലാം അദ്ധ്യാപകർ പോയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ;

(ഡി) നമ്മുടെ സർവ്വകലാശാലകളിൽ അഞ്ച് വർഷത്തിലധികമായ ഗവേഷണം നടത്തുന്ന എത്ര ഗവേഷണ വിദ്യാർത്ഥികൾ നിലവിലുണ്ട് ;

(ഇ) ഇവർ എത്ര വർഷമായി ഗവേഷണം നടത്തിവരുന്നു ;

(എഫ്) ഇവരുടെ ഗൈഡ് ആരൊക്കെയാണെന്ന് വിശദമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി—എഫ്) വിവരം ശേഖരിച്ചുവരുന്നു.

എയ്ഡഡ്/സ്വാശ്രയ മേഖലയിൽ കോളേജുകൾ

7 [1108] ശ്രീ. യു. സി. രാമൻ :
,, സി. മമ്മൂട്ടി :
,, സി. മോയിൻകുട്ടി :
,, കളത്തിൽ അബ്ദുള്ള :
,, പി. കെ. കെ. ബാവ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് ഇനി പുതുതായി ബി.എഡ്. കോളേജുകളും ടി.ടി.ഐ.-കളും സ്വാശ്രയ/ഗവൺമെന്റ്/എയ്ഡഡ് മേഖലയിൽ ആരംഭിക്കുവാനുദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ ഏതെല്ലാം മേഖലകളിൽ എത്ര വീതം ; ഏതെല്ലാം ജില്ലകളിൽ ;

(ബി) എങ്കിൽ ഇതിനായി എന്നത്തേക്കാണ് അപേക്ഷകൾ ക്ഷണിക്കുന്നത് ;

(സി) ഇപ്പോൾ കേരളത്തിൽ ഉള്ള ടി.ടി.ഐ.-കളുടെ എണ്ണം എത്ര ; ഇവ ഏതൊക്കെ ജില്ലകളിൽ എത്ര വീതം ;

(ഡി) ഇതിൽ ഗവൺമെന്റ്/എയ്ഡഡ്/സ്വാശ്രയ മേഖലയിൽ എത്ര വീതമെന്ന് വെളിപ്പെടുത്തുമോ :

(ഇ) ഇതിൽ ഓരോന്നും സമുദായം തിരിച്ചുള്ള മാനേജ്മെന്റുകളുടെ എണ്ണം എത്ര വീതം ;

(എഫ്) ഇതിൽ മുസ്ലിം മാനേജ്മെന്റിന്റെ കീഴിലുള്ള എയ്ഡഡ് ബി.എഡ്. കോളേജുകളും ടി.ടി.ഐ.-കളും സമുദായത്തിന്റെ ജനസംഖ്യാനുപാതികമായി പൊരുത്തപ്പെടാത്ത രീതിയിലാണ് എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ജി) എങ്കിൽ ഇത് പരിഹരിക്കാൻ എന്തെങ്കിലും നടപടികളെടുക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ അവ വ്യക്തമാക്കുമോ ;

(എച്ച്) ഇവ എന്നത്തേക്ക് പ്രാവർത്തികമാക്കുവെന്നും വെളിപ്പെടുത്തുമോ ?

ഉത്തരം

(എ & ബി) ഗവൺമെന്റ്/എയ്ഡഡ് മേഖലകളിൽ ബി.എഡ്. കോളേജുകളും ടി.ടി.ഐ.-കളും ആരംഭിക്കുന്നത് പരിഗണനയിലില്ല. സ്വാശ്രയ മേഖലയിൽ ഇനിയും ബി.എഡ്. കോളേജ് ആവശ്യമുണ്ടോ എന്ന് പഠിക്കുന്നതിന് ഒരു വിദഗ്ധ സമിതിയെ നിയോഗിച്ചിട്ടുണ്ട്. സമിതിയുടെ ശുപാർശ ലഭിച്ചിട്ടില്ല. ടി.ടി.ഐ.-കൾ സ്വാശ്രയ മേഖലയിൽ അനുവദിക്കുന്ന കാര്യം പരിഗണനയിലുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly